മ്യൂസിക് വിദ്യാർത്ഥികൾ നടത്തിയ സമരം

12. [25] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ മ്യൂസിക്ക് അക്കാഡമി വിദ്യാർത്ഥികൾ നടത്തിയ സമരത്തിനാധാരമായ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എന്തെല്ലാമാണവർ ഉന്നയിച്ച ആവശ്യങ്ങൾ ;

(സി) അവയെ സംബന്ധിച്ച് ഗവണ്മെന്റിന്റെ നിലപാടെന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബ) അവർ ഉന്നയിച്ച ആവശ്യങ്ങൾ താഴെ പറയുന്നവയാണ്.

(1) സംഗീതാദ്ധ്യാപകനിയമനം തടഞ്ഞുകൊണ്ടുള്ള ഗവണ്മെന്റുത്തരവ് പിൻവലിക്കുക.

(2) മ്യൂസിക്ക് കോളേജുകൾ യൂണിവേഴ്സിറ്റി ഏറെറടുക്കുക.

(3) ഹോസ്റ്റൽ അനുവദിക്കുക.

(4) ഗാനപ്രവീണ ഡിഗ്രിയായി അംഗീകരിക്കുക.

(5) സ്കൂളുകളിൽ പഠിക്കുന്ന സംഗീത വിദ്യാർത്ഥികളുടെയും, പഠിപ്പിക്കുന്ന അദ്ധ്യാപകരുടെയും പരിശോധനകൾക്കായി ജില്ലാ അടിസ്ഥാനത്തിൽ ഓരോ മ്യൂസിക്ക് ഇൻസ്പെക്ടർമാരെ നിയമിക്കുക.

(സി) ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധ ശ്രീ. സി. ഗോവിന്ദപ്പണിക്കർ എം. എൽ. എ. യുടെ 424 നിയമസഭാ ചോദ്യത്തിലെ "സി" വകുപ്പിലെ ഉത്തരത്തിലേയ്ക്ക് ക്ഷണിച്ചുകൊള്ളുന്നു.

എസ്. എസ്. എൽ. സി. പരീക്ഷ

13. [26] ശ്രീ. പി. പി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷക്ക് എത്രപേർ എഴുതിയിരുന്നു. തോറ്റവരെത്ര; ജയിച്ചവരെത്ര;

(ബി) തോറ്റവരുടേയും ജയിച്ചവരുടേയും എണ്ണം പ്രൈവറ്റ് സ്കൂളുകളിലെയും ഗവണ്മെന്റ് സ്കൂളുകളിലെയും വേർതിരിച്ച് പറയാമോ;

(സി) ഇന്നത്തെ എസ്. എസ്. എൽ. സി. പരീക്ഷാസമ്പ്രദായത്തിനു് വല്ല മാറ്റവും വരുത്തുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ആകെ പരീക്ഷക്കെഴുതിയവർ—174612
തോറ്റവർ—103140
ജയിച്ചവർ—71472

(ബി) പ്രൈവറ്റ് സ്കൂളുകളിൽനിന്നും ആകെ പരീക്ഷക്കെഴുതിയവർ — 94443
തോറ്റവർ— 50491
ജയിച്ചവർ— 43952

ഡിപ്പാർട്ടുമെന്റ് സ്കൂളുകളിൽനിന്നും പരീക്ഷക്ക് ആകെ ചേർന്നവർ — 49205
തോറ്റവർ— 32351
ജയിച്ചവർ— 16854

(സി) ഒരു മാറ്റവും വരുത്തുവാൻ ഗവണ്മെന്റുദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly